പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4759 28.06.2013 - ൽ മറുപടിയ്ക്ക്

## ദേശീയ കുടുംബക്ഷേമ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അച്ചുതൻ<br>,, ഹൈബി ഈഡൻ<br>,, കെ മുരളിധരൻ<br>,, പാലോട് രവി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ദേശീയ കുടുംബക്ഷേമ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) | സമൂഹത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ മുഖ്യവരുമാനമാർജ്ജിതാവ് മരണപ്പെട്ടാൽ ആ വ്യക്തിയുടെ ആശ്രിതർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ധനസഹായം വിതരണം ചെയ്യുക എന്നതാണ് ദേശീയ കുടുംബക്ഷേമ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | സംസ്ഥാനത്ത് ഈ പദ്ധതി എപ്രകാരമാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | (ബി) യും (സി) യും | കുടുംബത്തിലെ മുഖ്യവരുമാനമാർജ്ജിതാവ് മരണമടയുമ്പോൾ അവരുടെ ആശ്രിതരിൽ നിന്നും ലഭിക്കുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി അർഹരായവരെ കണ്ടെത്തി തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ളവർക്ക് ജില്ലാ കളക്ടർ തുക അനുവദിച്ചു നൽകുന്നു. നിലവിൽ 20,000/- രൂപഒറ്റത്തവണ ധനസഹായമാണ് നൽകുന്നത്. |
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് ഈ പദ്ധതിവഴി നൽകുന്നത് ; വിശദമാക്കുമോ ; | | |
| (ഡി) | ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | കുടുംബത്തിലെപ്രധാന വരുമാനാർജിതാവ് മരണമടഞ്ഞ് ഒരു മാസത്തിനകം അപേക്ഷ നൽകേണ്ടതാണ്. മരണമടഞ്ഞയാളുടെ പ്രായം 18 നും 60നും മധ്യേ ആയിരിക്കണം. മരണമടഞ്ഞയാൾ കുടുംബത്തിലെ മുഖ്യവരുമാനമാർജ്ജിതാവും ടിയാളുടെ കുടുംബം |

| | | | |
|---|---|---|---|
| | | | ദാരിദ്ര്യരേഖയ്ക്ക് താഴെയുമായിരിക്കണം. മരണപ്പെട്ട വ്യക്തിയുടെ കുടുംബം അപേക്ഷാതീയതിക്കു മുമ്പ് മൂന്നു വർഷം കേരളത്തിൽ സ്ഥിരമായി താമസിച്ചവരായിരിക്കണം. അവകാശികളുടെ പട്ടികയിൽ ഭാര്യ, ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, വിവാഹിതരാകാത്ത പെൺമക്കൾ, ആശ്രയിച്ച് കഴിയുന്ന അച്ഛനമ്മമാർ എന്നിവർ ഉൾപ്പെടുന്നു. |
| (ഇ) | അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം പരിഗണിക്കാതെയും, ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (ഇ) | അർഹരായ ഗുണഭോക്താക്കളുടെ അപേക്ഷസമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിധിയില്ലാതെ മാപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |

R. Vijayakumar

സെക്ഷൻ ഓഫീസർ